## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1138. 30.11.2018 ൽ മറുപടിയ്ക്ക്

## ലഹരി ഉൽപാദനവും വിപണനവും സംബന്ധിച്ച് രജിസ്റ്റർചെയ്ത കേസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിൽ ലഹരി ഉൽപാദനവും , വിപണനവും സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ആകെ 45,921 അബ്കാരി കേസുകളും, 14,293 എൻ.ഡി.പി.എസ്. കേസുകളും, 1,69,571 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| ക്രമ നമ്പർ | ജില്ല | അബ്കാരി | എൻ. ഡി .പി .എസ് | കോട്പ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3990 | 1050 | 18551 |
| 2 | കൊല്ലം | 4204 | 1383 | 16849 |
| 3 | പത്തനംതിട്ട | 3361 | 556 | 22824 |
| 4 | ആലപ്പുഴ | 5159 | 1337 | 10189 |
| 5 | കോട്ടയം | 3157 | 1078 | 16633 |
| 6 | ഇടുക്കി | 1654 | 1110 | 7349 |
| 7 | എറണാകുളം | 3031 | 1685 | 9616 |
| 8 | തൃശ്ശൂർ | 3655 | 1366 | 12401 |
| 9 | പാലക്കാട് | 3836 | 969 | 11114 |
| 10 | മലപ്പുറം | 3071 | 1241 | 12203 |
| 11 | കോഴിക്കോട് | 3071 | 554 | 7122 |
| 12 | വയനാട് | 1822 | 806 | 7368 |
| 13 | കണ്ണൂർ | 3434 | 902 | 10773 |
| 14 | കാസർഗോഡ് | 2476 | 256 | 6579 |
| | ആകെ | **45921** | **14293** | **169571** |

| | | | |
|---|---|---|---|
| (ബി) | വ്യാജ മദ്യത്തിന്റേയും, ലഹരി പദാർത്ഥങ്ങളുടേയും ഉപയോഗത്തിലുള്ള വർദ്ധനവ് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്.<br><br>ഇത് കൂടാതെ എല്ലാ വിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാജമദ്യം, ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും ഇത്തരം പ്രവണതകളിൽ നിന്നും അകറ്റി നിർത്തുന്നതിനും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഭാഗമായി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**